**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1000** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഇക്കോ ടൂറിസം സെന്ററുകളിൽ അപകടങ്ങളും അപകട മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള വനം വകുപ്പിന് കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എല്ലാവിധ സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കുന്നുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്തിൽ അപകടങ്ങൾ ഉണ്ടാകുന്ന പക്ഷം, പ്രാഥമിക ശുശ്രൂഷ, അടിയന്തര വൈദ്യസഹായം എന്നിവ ലഭ്യമാക്കുകയും, അപകടം, മരണം തുടങ്ങിയ സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ പോലീസ്/ നിയമ നടപടി ക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സഞ്ചാരികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് എത്രയും വേഗം അപകടത്തിൽപെട്ടവർക്ക്/കുടുംബാംഗങ്ങൾക്ക് നൽകുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കുകയും, ആവശ്യമെങ്കിൽ പ്രാദേശിക വന വികസന ഏജൻസികൾ മുഖേന അധിക സാമ്പത്തിക സഹായം ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ എല്ലാ ഇക്കോടൂറിസം കേന്ദ്രങ്ങളിലും കൂടുതൽ സുരക്ഷാ ഉറപ്പാക്കുന്നതിതിന്റെ ഭാഗമായി, വാഹക ശേഷി പഠനം (Carrying Capacity), സുരക്ഷാ ഓഡിറ്റ് (Safety Audit), ഡെസ്റ്റിനേഷൻ ഓഡിറ്റ് (Destination Audit) എന്നീ ശാസ്ത്രീയ പഠനങ്ങളും, അവയെ മുൻനിർത്തിയുള്ള സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പാക്കുന്നു. |
| (ബി) | ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും കാര്യക്ഷമമായ രീതിയിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | വനം വകുപ്പിന് കീഴിലുള്ള മുഴുവൻ ഇക്കോടൂറിസം കേന്ദ്രങ്ങളിലും സന്ദർശക സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായുള്ള സുരക്ഷാ ഓഡിറ്റ് നടപ്പാക്കാനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. ഇതിന്റെ ഭാഗമായി സന്ദർശക ബാഹുല്യമുള്ളതും പ്രധാനപ്പെട്ടതുമായ 37 ഇക്കോടൂറിസം കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | നാഷണൽ സേഫ്റ്റി കൗൺസിൽ നിർദ്ദേശിക്കുന്ന സുരക്ഷാ ഓഡിറ്റും (Safety Audit) കൂടാതെ ഡെസ്റ്റിനേഷൻ ഓഡിറ്റും നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ മേല്പറഞ്ഞ മാനദണ്ഡങ്ങൾ അനുസരിച്ച് സുരക്ഷാ-ഡെസ്റ്റിനേഷൻ ഓഡിറ്റുകൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികൾക്ക് നാഷണൽ സേഫ്റ്റി കൗൺസിൽ നിർദേശങ്ങൾ പ്രകാരമുള്ള സുരക്ഷയും ഇൻഷുറൻസും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അപകട മരണത്തിനും (Accident death), സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യത്തി നും (Permanent Total Disability) 5.00 ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് (Permanent Partial Disability) 2.50 ലക്ഷം രൂപയും നഷ്ടപരിഹാരമായി ലഭിക്കും. കൂടാതെ നാഷണൽ സേഫ്റ്റി കൗൺസിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള സുരക്ഷാ ഓഡിറ്റ് റിപ്പോർട്ട് മുഖേന ആവശ്യമുള്ള സുരക്ഷ ക്രമീകരണങ്ങൾ സംസ്ഥാന വന വികസന ഏജൻസിയുടെയും, അതാത് വന വികസന ഏജൻസികളുടെയും നേതൃത്വത്തിൽ ഉറപ്പാക്കുന്നു. ഇതിനു പുറമെ അടിയന്തര സാഹചര്യങ്ങളിൽ ഉണ്ടാകുന്ന സുരക്ഷാ വീഴ്ചകൾ കണ്ടെത്തി ഉടൻ തന്നെ പരിഹരിക്കാറുമുണ്ട് . |
| (ഡി) | ഇക്കോ ടൂറിസം സെൻററുകളിൽ ഉണ്ടാകുന്ന അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്ക് പറ്റുന്നവർക്ക് മികച്ച ചികിത്സയും ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ? | (ഡി) | ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് (ഇന്ത്യൻ പൗരന്മാർക്ക് മാത്രം) അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. അപകട മരണത്തിനും (Accident death), സ്ഥിരവും പൂർണ്ണവുമായ അംഗവൈകല്യത്തി നും (Permanent Total Disability) 5.00 ലക്ഷം രൂപയും, സ്ഥിരവും ഭാഗികവുമായ അംഗവൈകല്യത്തിന് (Permanent Partial Disability) 2.50 ലക്ഷം രൂപയും നഷ്ടപരിഹാരമായി ലഭിക്കും. കൂടാതെ നാഷണൽ സേഫ്റ്റി കൗൺസിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള സുരക്ഷാ ഓഡിറ്റ് റിപ്പോർട്ട് മുഖേന ആവശ്യമുള്ള സുരക്ഷ ക്രമീകരണങ്ങൾ സംസ്ഥാന വന വികസന ഏജൻസിയുടെയും, അതാത് വന വികസന ഏജൻസികളുടെയും നേതൃത്വത്തിൽ ഉറപ്പാക്കുന്നു. ഇതിനു പുറമെ അടിയന്തര സാഹചര്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്ന സുരക്ഷാ വീഴ്ചകൾ കണ്ടെത്തി ഉടൻ തന്നെ പരിഹരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ